**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6582** **11-07-2024 - ൽ മറുപടിയ്ക്ക്**

**കടമക്കുടി- പിഴല പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് 13.08.2021 ന് 10.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി- പിഴല പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി - പിഴല പാലത്തിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. |
| (ബി) | 14.02.2023 തീയതിയിലെ ധനകാര്യവകുപ്പിലെ 1069/2023 നമ്പർ ഉത്തരവ് പ്രകാരം എൽ.സി. പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവായിട്ടുള്ള പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. 4(1) പ്രസിദ്ധീകരിച്ച് സാമൂഹിക പ്രത്യാഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. എക്സ്പേർട്ട് കമ്മിറ്റി കൂടിയതിന് ശേഷം 11(1) പബ്ലിഷ് ചെയ്യേണ്ടതുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വിഭാഗമാണ്. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻ പാലം നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ